കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് മലപ്പുറം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

കെ.എസ്.എ.എം.പി.എം.24/253/17 കേരള സംസ്ഥാന ഓഡിററ് വകുപ്പ്

സീനിയർ ഡപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

മലപ്പുറം ജില്ല

തീയതി.03/02/17

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

ആലിപ്പറമ്പ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് - 2015-16. സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.എം.പി.എം.24/253/17
തിയ്യതി:03/02/17

മലപ്പുറം.ജില്ലയിലെ ആലിപ്പറമ്പ്ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരംപുറപ്പെടുവിക്കുന്നത്.)

മലപ്പുറം.ജില്ലയിലെ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 10.7.2016 മുതൽ 30.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ഷാജഹാൻ.എ,എസ്,ഡെപ്യൂട്ടിഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ചസമയം | : | 19.11.2016മുതൽ 03.12.2016 വരെ | |
| ഓഡിറ്റ് നടത്തിയഉദ്യോഗസ്ഥർ | : | ശ്രീ.നസ്സീർ.ടി.കെ | അസി.ഓഡിററ്ഓഫീസർ |
| | | ശ്രീ.ഷാജഹാൻഖുറൈശി.എം | സീനിയർഗ്രേഡ്ഓഡിററർ |
| | | ശ്രീ.ഷജീർ.കെ. | ഓഡിററർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.അലി അക്ബർ | 1.4.2015മുതൽ10.11.2015വരെ |
| | | എക്സിക്യൂട്ടീവ് സമിതി | 11.11.2015മുതൽ18.11.2015വരെ |
| | | ശ്രീമതി.എം.വി.സിനി | 19.11.2015മുതൽ31.3.2016വരെ |
| സെക്രട്ടറി | : | ശ്രീ.പി.വിനോദ്കുമാർ | 1.4.2015 മുതൽ 11.5.2015 വരെ |
| | | ശ്രീ.സേവ്യർ.പി.സി | 12.5.2015 മുതൽ 22.7.2015വരെ |
| | | ശ്രീ.വി.യു.മോഹനൻ | 23.7.2015 മുതൽ 05.1.2016വരെ |
| | | ശ്രീ.ബെൻസിലാൽ | 06.1.2016മുതൽ 31.3.2016വരെ |
| നിർവ്വഹണഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അ.സി.സെക്രട്ടറി | | ശ്രീ.പി.സി.സേവ്യർ | 01.4.2015മുതൽ 22.8.2015 വരെ |
| ടി- | | ശ്രീ.ബെൻസിലാൽ | 23.8.2015മുതൽ 31.3.2016 വരെ |
| അസി.എൻജിനിയർ | | ശ്രീമതി.സുമതോമസ് | 01.4.2015മുതൽ 27.6..2015വരെ |
| ടി- | | ശ്രീമതി.മഞ്ജു | 28.6.2015മുതൽ 4.8.2015വരെ |
| ടി | | ശ്രീമതി .റീജമോൾ | 5.8.2015 മുതൽ 23.11.2015വരെ |
| ടി- | | ശ്രീ.അരുൺ | 24.11.2015മുതൽ31.3.16 വരെ |
| വെററിനറിസർജ്ജൻ | | ശ്രീ.വിശാഖ് വിശ്വം | 01.4.2015മുതൽ 31.3.2016വരെ |

| | | | |
|---|---|---|---|
| കൃഷിഓഫീസർ | | ശ്രീ.സുരേഷ്കുമാർ | 01.4.2015മുതൽ 31.3.2016വരെ |
| മെഡിക്കൽഓഫീസർ | | 1)ഡോ.തസ്നി മുഹമ്മദ്<br>2)ഡോ.മുഹമ്മദാലി.കെ | 01.04.15മുതൽ 04.06.16വരെ<br>05.06.15മുതൽ 31.03.16വരെ |
| വി.ഇ.ഒ | | ശ്രീ.സാജൻ | 01.4.2015മുതൽ 31.3.2016വരെ |
| I.C.D.S | | ശ്രീമതി.കല്ല്യാണി | 01.4.2015മുതൽ 31.3.2016വരെ |
| മെഡിക്കൽഓഫീസർ-ആയുർവേദം | | ഡോ.റോജനഫ്സത്ത് | 01.4.2015 മുതൽ 31.3.2016 വരെ |
| ഹെഡ്മാസ്റ്റർ | | ശ്രീ.ഉണ്ണികൃഷ്ണൻ.യു | 01.4.2015മുതൽ 31.3.2016. വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 2-1 | |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല. | 2-2 | |
| 14 | ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകതകൾ | 2-3 | |
| | ഭാഗം 3 | | |
| 15 | സമഗ്ര വിദ്യാഭ്യാസ പദ്ധതി -എസ്.എസ്.എ യുടെ ആവർത്തനം-ചെലവ് അംഗീകരിക്കുന്നില്ല. | 3-1 | |
| 16 | ജലസേചന പദ്ധതി പ്രോജക്ട്-ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടില്ല | 3-2 | |
| 17 | മെയിന്റനൻസ് ഗ്രാൻറ് വകമാററിച്ചെലവഴിച്ചത് സംബന്ധിച്ച് | 3-3 | |
| 18 | പ്ലാൻഫണ്ട് ഉപയോഗിച്ച്കെട്ടിടവാടക നൽകിയിട്ടുള്ളത് ക്രമപ്രകാരമല്ല | 3-4 | |
| 19 | റോഡ് പ്രവർത്തിയിൽ കുഴിച്ചെടുത്ത മണ്ണിൻറ വിനിയോഗം രേഖപ്പെടുത്താത് സംബന്ധിച്ച് | 3-5 | |
| 20 | കൺവീനർ പ്രവർത്തികൾ -ധനവിനിയോഗരേഖകളിൽ സുതാര്യതയില്ല. | 3-6 | |
| 21 | തെരുവ് വിളക്ക് റിപ്പയർ-അപാകതകൾ | 3-7 | |
| 22 | റോഡ് കോൺക്രീററ് -പരിധിയിൽ കവിഞ്ഞ കനം അ നവദിക്കുന്നത് സംബന്ധിച്ച് | 3-8 | |
| 23 | അസി.എൻജിനിയർ-പ്രോജക്ട് നിർവ്വഹണം കാര്യക്ഷമമല്ല | 3-9 | |
| 24 | തെരുവുവിളക്ക് കറൻറ് ചാർജ്ജ് -ലൈററുകളുടെ എണ്ണം -പ്രാദേശിക പരിശോധന നടത്തുന്നത് | 3-10 | |

| | | | |
|---|---|---|---|
| | സംബന്ധിച്ച | | |
| 25 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-11 | |
| 26 | പഞ്ചായത്തിൽ അനധികൃത മാലിന്യം തള്ളിയത് -സംസ്കരിച്ചതിൻറ ചെലവ് ഈടാക്കണം | 3-12 | |
| 27 | ആശ്രയ പദ്ധതി അവലോകനം | 3-13 | |
| 28 | ഫോം പ്രിൻറിങ് ക്വട്ടേഷൻ നൽകൽ -നിയമാനുസൃത നികുതി ഈടാക്കിയില്ല | 3-14 | |
| 29 | വിവാഹധനസഹായം (എസ്.സി)സർക്കാർഉത്തരവ് പാലിക്കണം | 3-15 | |
| 30 | സ്കൂൾ വിദ്ധ്യാർത്ഥികൾക്ക് (എസ്.സി) ഫർണ്ണിച്ചർ നൽകൽ- അപാകതകൾ | 3-16 | |
| 31 | കൈമാറിക്കിട്ടിയിട്ടില്ലാത്ത സ്ഥാപനത്തിന് ആസ്തികൾ വാങ്ങിയത് ക്രമപ്രകാരമല്ല | 3-17 | |
| 32 | മരാമത്ത് പ്രവർത്തിയുടെ കൺവീനർ ആയി C.D.S ചെയർപേഴ്സണെ തെരെഞ്ഞെടുത്തത് ക്രമപ്രകാരമല്ല | 3-18 | |
| 33 | മരാമത്ത് പ്രവർത്തി -നികുതികൾ ഈടാക്കി ഒടുക്കിയിട്ടില്ല | 3-19 | |
| 34 | അസാധാരണ ചെലവ് -സർക്കാർ ഉത്തരവ് പാലിച്ചില്ല | 3-20 | |
| 35 | ലൈബ്രറിസെസ്സ്,നിർമ്മാണതൊഴിലാളി ക്ഷേമനിധി എന്നിവ സമയബന്ധിതമായി ഒടുക്കാത്തത് സംബന്ധിച്ച് | 3-21 | |
| | ഭാഗം 4 | | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 41 | ഓഡിറ്റ് റിക്കവറി | 4-6 | |
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡിക | 4-7 | |
| 43 | ഓഡിററ് പ്രത്യവലോകനം | 4-8 | |
| 44 | മുൻഓഡിററ് റിപ്പോർട്ട്കളുടെ വിവങ്ങൾ | 4-9 | |
| | അനുബന്ധം | | |
| 45 | ഓഡിററ് സർട്ടിഫിക്കറ്റ് | ANNEXURE-1 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജററ്

1. ബജറ്റ്

2015-16വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 2.3.2015തിയതിയിലെ 1(3)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

ബജററ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം

| ഇനം | പ്രതീക്ഷിച്ച | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | വരവ് | | കൂടുതൽ | കുറവ് | (+)(-) |
|---|---|---|---|---|---|
| മുന്നിരിപ്പ് | 27188461 | 25828934 | - | 1359527 | (-)5% |
| വരവ് | 107198305 | 47501733 | | 59657205 | (-)55% |
| ആകെ | 134386766 | 73330667 | | 61056099 | (-)45% |
| ചെലവ് | 125433500 | 69349490 | | 56084010 | (-)44% |
| നിക്കിയിരിപ്പ് | 8953266 | 3981177 | | 4972089 | (-)55% |

ബജറ്റ് യഥാർത്ഥ്യ ബോധത്തോടുകൂടി തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്

1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 29.6.2016 | - | - |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 07.11.2016 | ഓഡിറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

2015-16 വാർഷിക കണക്കുകൾ അനുബന്ധരേഖകൾ സഹിതം പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

1.A.C.R പ്രകാരമുള്ള വരവുകളും A.F.S പ്രകാരമുള്ള വരവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

2.D.B.T പ്രകാരമുള്ള പെൻഷൻ വിതരണം A.F.S ൽ ഉൾപ്പെടുത്തിയിട്ടില്ല

3.ബിൽഡിങ് ടാക്സ് സംക്ഷിപ്തം,ഡിമാൻറ് രജിസ്ററർ എഴുതി സാക്ഷ്യപ്പെടുത്തി സമർപ്പിച്ചിട്ടില്ല

4.ബാലൻസ് ഷീററിലെ അഡ്വാൻസ്, ഡെപ്പോസിററ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

5.നിർജ്ജീവമായ അക്കൗണ്ടുകൾ CLOSE ചെയ്തിട്ടില്ല

6.ബാലൻസ് ഷീററിലെ വർഷാവസാന മിച്ച/നഷ്ട തുക (SHEDULE-B-1)കണക്കാക്കിയത് മുൻ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

7.പാർട്ട് ബില്ലുകൾ നൽകിയിട്ടുള്ള വയുടെ ഫൈനൽ ബില്ല് നൽകി തുക ക്രമീകരിച്ചിട്ടില്ല.(ഈ ഇനത്തിൽ (Capital work in progress)4240900/-രൂപ ക്രമീകരിച്ചിട്ടില്ല

8.തൻവർഷത്തേ അടക്കമുള്ള മുഴവൻ ആസ്തികളും തിട്ടപ്പെടുത്തി ബാലൻസ് ഷീററിൽ ഉൾപ്പെടുത്തിയിട്ടില്ല

9.നിർവ്വഹണോദ്ധ്യോഗസ്ഥർ ഒടുക്കുന്ന VAT.IT,W.F എന്നിവ A.F.S ൽ ഉൾപ്പെടുത്തിയിട്ടില്ല

10.മുൻ വർഷത്തേ വാർഷിക കണക്കുളിലെ അപാകതകൾ പരിഹരിച്ചിട്ടില്ല

1-4 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|

| | |
|---|---|
| മുന്നിരിപ്പ് | 25828934 |
| വരവ് | 47501733.05 |
| ആകെ | 73330667.05 |
| ചെലവ് | 69349490 |
| നീക്കിയിരിപ്പ് | 3981177.05 |

1-5 ഫണ്ട് വിനിയോഗം(A.C.R പ്രകാരമുള്ളത്)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ തുക | ചെലവ് തുക | ചെലവ് ശതമാനം | നീക്കിബാക്കി (Lapsed) | നീക്കി ബാക്കി RP-40 b പ്രകാരം |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| വികസന ഫണ്ട് (ജനറൽ) | 5,65,234 | 1,10,21,574 | +49,69,220 | 2,16,43,518 | 1,66,40,462 | 76.88 | 50,03,056 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 46,55,969 | 1,06,17,345 | -33,55,969 | 1,19,17,345 | 1,07,50,714 | 90.21 | 11,66,631 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | - | - | - | - | - | - | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 20,79,114 | 54,91,000 | 0 | 75,70,114 | 71,98,656 | 95.09 | 3,71,458 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 19,63,263 | 39,32,000 | 0 | 58,95,263 | 42,12,507 | 71.46 | 16,82,756 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 33,06,034 | 63,22,607 | -13,04,076 | 83,24,565 | 82,28,226 | 98.84 | 96,339 | 0 |
| ലോക ബാങ്ക് സഹായം | 46,44,003 | 3,08,799 | -3,08,799 | 46,44,003 | 43,35,204 | 93.35 | 3,08,799 | 0 |
| MGNREGS | 940 | 78,96,315 | - | 78,97,255 | 7895,629 | 99.98 | 1,626 | 1626 |
| ബി ഫണ്ട് | 0 | 2,05,05,400 | - | 2,05,05,400 | 2,0505,400 | 100 | - | - |

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 261 | 89927963 | 179 | 60178146 | 9 | 73 | 69 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 12.7 ശതമാനം കൂടുതൽ ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3069076 | 3877755 | (+)808679 | (+)26% |
| നികുതിയേതര വരവുകൾ | 52208 | 604333 | (+)552125 | (+)105% |
| മറ്റുവരവുകൾ | 883760 | 32195 | (+)851565 | (-)96% |
| ആകെ | 4005044 | 4514283 | (+)509239 | (+)12.7% |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 89400 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 2486400 | 518 |
| വിധവാപെൻഷൻ | 7100000 | 1774 |
| വാർദ്ധക്യകാലപെൻഷൻ | 7404000 | 1851 |
| വികലാംഗപെൻഷൻ | 2184000 | 431 |
| 50 വയസ്സിന് മുകളിലുള്ളവർക്ക ധനസഹായം | 761600 | 119 |
| വിധവകളുടെ മക്കൾക്ക് വിവാഹ ധനസഹായം | 480000 | - |

വിവിധ ക്ഷേമ പദ്ധതികളുടെ കാര്യപ്രാപ്തി

| ക്ഷേമപദ്ധതിയുടെ പേര് | തൻവർഷം ലഭിച്ച അപേക്ഷകളുടെ എണ്ണം | നിശ്ചിത സമയത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടങ്കിൽ പരിഹാര മാർഗം |
|---|---|---|---|---|
| തൊഴിൽരഹിത വേതനം | 4 | 4 | - | |
| കർഷകതൊഴിലാളി | 0 | 0 | - | |

| | | | | |
|---|---|---|---|---|
| പെൻഷൻ | | | | |
| വിധവാപെൻഷൻ | 0 | 0 | - | |
| വാർദ്ധക്യകാലപെൻഷൻ | 0 | 0 | - | |
| വികലാംഗപെൻഷൻ | 15 | 15 | - | |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.11.2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13046/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു
1-10 ആഭ്യന്തരനിയന്ത്രണം.

ആസ്തിസംരക്ഷണം,- അംഗനവാടികെട്ടിടങ്ങൾ*ക്ക് ഫിററ്നസ്സ് സർട്ടിഫിക്കററ് ലഭ്യമാക്കിയിട്ടില്ല.*(11 കെട്ടിടം വാടകയ്ക്ക്)മിക്കതും അപകടാവസ്ഥയിലാണ്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്-കാര്യക്ഷമമല്ല.ഡിമാൻറ് രജിസ്റ്റർ (കെട്ടിടം)പൂർത്തികരിച്ചിട്ടില്ല

,മേൽ നോട്ടം -കാര്യക്ഷമല്ല.തനത് ഫണ്ട് പ്രോജക്ടുകളുടെ വൻ തുക കൊടുത്തു തീർക്കാനുണ്ട്

,ഫ്രണ്ട് ഓഫീസ്-അടിസ്ഥാന സൗകര്യമില്ല

പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ-കാര്യക്ഷമമാണ്

ഓഫീസ് യോഗങ്ങൾ-കാര്യക്ഷമല്ല
ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ-കാര്യക്ഷമമല്ല
1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.11.2016 | 10/2016 | 10.11.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.11-14-30.11.2014 | 2013-14 | 20.12.2014 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി 2015-16 വർഷത്തിൽ ഈടാക്കിയിട്ടില്ല. ഇതിൽ ഏതാനും ടവറുകളുടെ വസ്തു നികുതി 2008-2009 വർഷം മുതൽ ഈടാക്കാനുണ്ട്. ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ടവറുകളുടെ വസ്തു നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

വിശദ വിവരം താഴെ..

| ടവർ/കെട്ടിട നമ്പർ | വിലാസം | ഈടാക്കാൻ അവശേഷിക്കുന്ന വർഷം | അസസ് ചെയ്ത വാർഷിക നികുതി (L.C ഉൾപ്പെടെ) |
|---|---|---|---|
| II/ 148 | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 2012-13, 2013-14, 14-15,2015-16 | 13230 |

| | | | |
|---|---|---|---|
| II / 152 | ഡിഷ്നെറ്റ് വയർസെൽ | 2009-10 മുതൽ 2015-16 വരെ | 13230 |
| IV/ 439 A | ബിജു. ടി നായർ, ഇൻഡസ് ടവേഴ്സ് | 2013-14, 14-15,2015-16 | 10500 |
| XI / 18 B | അബൂബക്കർ, ഇൻഡസ് ടവേഴ്സ് | 14-15,2015-16 | 11340 |
| XIII/ 245 A | എം.കെ. നാരായണൻ. എസ്സാർ ടെലികോം.ലി. | 2008-09 മുതൽ 2015-16 വരെ | 12128 |
| XV/ 71 A | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 2015-16 | 7875 |
| XX/ 204 B | ഇൻഡസ് ടവേഴ്സ് .ലി. | 2014-15,2015-16 | 6143 |

## 2-2 തൊഴിൽ നികുതി ഈടാക്കിയില്ല.

ഗ്രാമ പഞ്ചായത്തിലെ താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും, അർദ്ധവർഷത്തിനിടയിൽ പിരിഞ്ഞ് പോയ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഒരു വ്യക്തി ഒരു അർദ്ധവർഷം ഒന്നിലധികം ത.സ്വ.സ്ഥാപനങ്ങളുടെ പരിധിയിൽ ജോലി ചെയ്യുമ്പോൾ ഒരു സ്ഥാപനത്തിൽ നികുതി അടച്ചാൽ ആ അർദ്ധവർഷം അയാൾ ആ സ്ഥാപനത്തിൽ അടക്കേണ്ട നികുതിയും അടച്ച നികുതിയും തമ്മിലുള്ള വ്യത്യാസം രണ്ടാമത്തെ സ്ഥാപനത്തിൽ അടക്കേണ്ടതാണ്. പ്രസ്തുത ജീവനക്കാർ മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

| പേര് | സ്ഥാപനം | തസ്തിക | അർദ്ധ വർഷം | റിമാർക്സ് | ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|
| സിന്ധു.കെ.വി. | ജി.എച്ച്.എസ്.എസ് ആലിപ്പറമ്പ് | HSA | 2015-16 രണ്ടാം | Relieved on 25.11.2015 | " |
| യൂസഫ് | " | " | 2015-16 രണ്ടാം | Relieved on 28.12.2015 | " |
| പത്മിനി.പി | PHC ആലിപ്പറമ്പ് | JHN-PHN | 2015-16 രണ്ടാം | Relieved on 4.12.2015 | " |
| ആന്റോ.എം.ഒ | " | ഫാർമസിസ്റ്റ് | 2015-16 ഒന്നാം | Relieved on 12.6.2015 | " |
| രമണി.കെ.ജി. | " | നഴ്സ് | 2015-16 ഒന്നാം | Relieved on 12.6.2015 | '" |
| ജലജ.എ | " | നഴ്സ് | 2015-16 ഒന്നാം | Relieved on 30.6.2015 | '" |
| ഡോ. തസ്നി മുഹമ്മദ് | " | അസി.സർജൻ | 2015-16 ഒന്നാം | Relieved on 5.6.2015 | " |
| ഡോ.സജ്ന.പി.പി | " | അസി.സർജൻ | 2015-16 | Relieved | " |

| | | | | | |
|---|---|---|---|---|---|
| | | | ഒന്നാം | on 1.6.2015 | |
| വേണുഗോപാലൻ | GHSS ആനമങ്ങാട് | ഹെഡ് മാസ്റ്റർ | 2015-16 ഒന്നാം | Relieved on 4.6.2015 | ,, |
| സ്വീറ്റി ജോസഫ് | " | HSA | 2015-16 ഒന്നാം | Relieved on 2.6.2015 | ,, |
| ദീപ.എൻ | " | HSA | 2015-16 ഒന്നാം | Relieved on 1.6.2015 | ,, |

## 2-3 ലൈസൻസ് ഫീ ഈടാക്കിയതിലെ അപാകതകൾ

1.2015-16 വർഷത്തെ ഭൂരിഭാഗം അപേക്ഷകളിലും ദിവസ വിറ്റുവരവ് രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ അടവാക്കിയതിലെ കൃത്യത പരിശോധിക്കാനായില്ല. ദിവസ വിറ്റുവരവോ ഉപയോഗിക്കുന്ന യന്ത്രത്തിന്റെ പവറോ രേഖപ്പെടുത്താത്ത അപേക്ഷകളിൽ എന്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ ഈടാക്കിയതെന്ന് വ്യക്തമല്ല. അപേക്ഷകളിൽ ഇത്തരം അത്യാവശ്യ വിവരങ്ങളെങ്കിലും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പിക്കേണ്ടതും ലൈസൻസ് ഫീ ഈടാക്കുന്നതിന്റെ കൃത്യത ഉറപ്പിക്കേണ്ടതുമാണ്.

2. ലൈസൻസ് ഫീ അപേക്ഷകൾ കൃത്യമായി നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല. രേഖകൾ കൃത്യമായി സൂക്ഷിക്കാൻ അതാത് സെക്ഷനുകൾ ശ്രദ്ധിക്കാത്തതും സെക്രട്ടറി ആയത് പരിശോധിക്കാത്തതും വീഴ്ച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

3. ഭൂരിഭാഗം അപേക്ഷകളിലും അപേക്ഷയെ കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട് ഇല്ല. അപേക്ഷയെ കുറിച്ച് അന്വഷണം നടത്തേണ്ടതും റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

4. ചില അപേക്ഷകളിൽ പ്ലാസ്റ്റിക് നിരോധന- സ്ഥല നാമ സാക്ഷ്യപത്രം ഇല്ല.

5. അപേക്ഷയിൽ പതിച്ച സ്റ്റാമ്പുകൾ ഉപയോഗ ശൂന്യമാക്കിയിട്ടില്ല.
6. ഗ്രാമ പഞ്ചായത്തിലെ എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പിക്കുന്നതിന് ഫീൽഡ് പരിശോധന നടത്താറില്ലെന്ന് ബോധ്യപ്പെട്ടു. ഫീൽഡ് പരിശോധന നടത്തി അനധികൃത വാണിജ്യ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകേണ്ടതുമാണ്.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കേണ്ടതും മേലിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സമഗ്ര വിദ്യാഭ്യാസ പദ്ധതി -എസ്.എസ്.എ യുടെ ആവർത്തനം-ചെലവ് അംഗീകരിക്കുന്നില്ല. നിർവ്വഹണം-ഹെഡ്മാസ്റ്റർ

| പ്രോജക്റ്റ്നം. | അടങ്കൽ | ചെലവ് | ബിൽ/നം. |
|---|---|---|---|
| SOO 85/15-16 | 5,50,000 | 23300 | 1/15-16/14.1.16 |
| | | 327887 | 2/15-16/31.3.16 |
| ആകെ | | 351187 | |

| ചെലവിനങ്ങൾ | തുക |
|---|---|
| കായികമേള | 24000 |

| | |
|---|---|
| ഭക്ഷണ വിതരണം | 31600 |
| പ്രവേശനോത്സവം | 7255 |
| ലൈബ്രറി ബുക്സ് | 45000 |
| ഷട്ടർ ഫിറ്റിങ് | 24000 |
| പ്രിന്റർ വാങ്ങൽ | 100000 |
| സമ്മാന ദാനം | 16700 |
| പച്ചക്കറി കൃഷി | 12500 |
| ലാബ് ഉപകരണങ്ങൾ | 17500 |
| പെയിന്റിങ് | 49628 |
| മറ്റിനങ്ങൾ | 23004 |
| ആകെ | 351187 |

മാർഗ്ഗ രേഖ GO(MS)362/2013/LSGD/16.11.13 പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള എൽ.പി,യു.പി (ഹൈസ്കൂൾ ഇല്ലാത്തവ) സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ത.സ്വ. ഭ. സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്. ചെലവഴിക്കാൻ മാർഗ്ഗ രേഖയിൽ വ്യവസ്ഥയില്ലാത്ത പ്രവേശനോത്സവം. ഭക്ഷണം,പഠനോപകരണം ,സ്റ്റേഷനറി ,കലാ കായിക മേള തുടങ്ങിയവ നിർവ്വഹണം നടത്താൻ എസ്.എസ്.എ ക്ക് പ്രതിവർഷം പ്ലാൻ ഫണ്ടിൽ നിന്നും തുക നൽകിവരുന്നതിനാൽ അവരുടെ സഹകരണത്തോടുകൂടി മാത്രമേ ഇത്തരം പദ്ധതികൾ നടപ്പിലാക്കാവൂ. .മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി, സർക്കാരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങാതെ ചെലവഴിച്ച 351187 /-രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. അപാകത ചൂണ്ടിക്കാണിച്ച് ഹെഡ്മാസ്റ്റർക്ക് നൽകിയ എൻക്വയറിക്ക് നൽകിയ മറുപടി തൃപ്തികരമല്ല.

## 3-2 ജലസേചന പദ്ധതി പ്രോജക്ട്-ഗുണഭോക്തൃതവിഹിതം ഈടാക്കിയിട്ടില്ല

പ്രോജക്ട് – ബിടാത്തിതോട്-നീരിട്ടിലി വി.സി.ബി. സ്റ്റോറേജ് കൂട്ടൽ
പ്രോജക്ട് നം.4/2015-16
അടങ്കൽ -500000/-(പ്ലാൻ,ജനറൽ,ഉത്പ്പാദനം)

ബിൽനം -4/15-16/29.6.15 തുക -493686/-

കൺവീനർ -അബ്ദുൾസലാം എംബുക്ക് -46/14-15

പ്രവൃത്തിമൂല്യം -465742/-

വാററ് 5% -23287

W.F 1% -4657 (ആകെ -493686)

I.T 1% -5019

ഈടാക്കേണ്ട ഗുണഭോക്തൃ വിഹിതം -10% -49368/-

(2) പ്രോജക്ട് -കുന്നത്ത്പ്പടി വെള്ളച്ചാൽ നിർമ്മാണം(287/16)

അടങ്കൽ -400000/-(തനത് ഫണ്ട്)

ചെക്ക്നം -834729/30.3.16 തുക -335040/-

കൺവീനർ -അലവി എംബുക്ക് -92/14-15

പ്രവൃത്തിമൂല്യം -309753

വാററ് 5% -15488

W.F 1% -3097 (ആകെ -335040)

I.T 1% -5019

ഈടാക്കേണ്ട ഗുണഭോക്തൃ വിഹിതം -10% -33505/-

ഗുണഭോക്തൃ വിഹിതം ഈടാക്കാത്തതിനാൽ പഞ്ചായത്തിന്ന് ഉണ്ടായ നഷ്ടം 82873/-(49368+33505)രൂപ

ഉത്തരവാദിയായ കൺവീനറിൽ നിന്നോ ,നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-3 പ്ലാൻഫണ്ട് ഉപയോഗിച്ച്കെട്ടിടവാടക നൽകുയിട്ടുള്ളത് ക്രമപ്രകാരമല്ല

നിർവ്വഹണോദ്യോഗസ്ഥൻ -I.C.D.S സൂപ്പർവൈസർ

പ്രോജക്ടിന്റെപേര് -അംഗനവാടികെട്ടിടവാടക നൽകൽ

അടങ്കൽ -37200 (പ്ലാൻഫണ്ട്,ജനറൽ)

(1)ബിൽ നം -11/15-16/28.3.16 -27000/-

(2)ബിൽ നം -18/15-16/30.3.16 -10200/-
ആകെ -37200/-

പഞ്ചായത്തിൻറ പരിധിയിലുള്ള 11 അംഗനവാടികെട്ടിട ങ്ങളുടെ പ്രതിമാസ വാടക നൽകുന്നതിന്ന് പ്ലാൻഫണ്ട് വകയിരുത്തി സർക്കാർ മുൻകൂർ അനുമതി വാങ്ങിക്കാതെ തുക നൽകിയത് ക്രമകപ്രകാരമല്ല.തുക തടസ്സപ്പെടുത്തുന്നു.

## 3-4 റോഡ് പ്രവൃത്തിയിൽ കുഴിച്ചെടുത്ത മണ്ണിൻറ വിനിയോഗം രേഖപ്പെടുത്താത് സംബന്ധിച്ച്

1.പ്രോജക്ട് -മൂളിക്കരങ്ങൻ കുഴി റോഡ് (147/16)

അടങ്കൽ -450000 (പ്ലാൻ ഫണ്ട്)

ചെലവ് - 450000 ബിൽ നം -59/15-16/26.2.16

കൺവീനർ-ഷിഹാബുദ്ധീൻ എംബുക്ക് -43/15-16

2.പ്രോജക്ട് -മണ്ടുപാറ പരിയാപുരം റോഡ് (24/16)

അടങ്കൽ -300000 (പ്ലാൻ ഫണ്ട്)

ചെലവ് - 300000 ബിൽ നം 37/15-16/3.9.15

കൺവീനർ-അബു എംബുക്ക് -40/14-15

ക്രമനമ്പർ (1) പ്രവൃത്തിയിൽ ഇനം (1)ആയി 228.31 m3 @126/m3 നിരക്കിൽ 40308/-രൂപ നൽകി ഉറപ്പുള്ള മണ്ണ് നീക്കം ചെയ്തിട്ടുണ്ട് .അതേസമയത്ത് ക്രമനമ്പർ(2) പ്രവർത്തിയിൽ ഇനം (2)ആയി 216.86 m3 @2504/10m3 നിരക്കിൽ 54301/-രൂപ നൽകി ഉറപ്പുള്ള മണ്ണ് ഉപയോഗിച്ച ഫില്ലിങ് നടത്തിയിട്ടുണ്ട്

ക്രമനമ്പർ (1) ൽ നീക്കം ചെയ്ത മണ്ണ് ക്രമനമ്പർ (2)ന് ഉപയോഗിക്കാം എന്നിരിക്കേ ആയതിന്ന് നടപടി സ്വീകരിക്കുകയോ മണ്ണിൻറ ഡിസ്പ്പോസൽ രേഖപ്പെടുത്തുകയോ ചെയ്യാത്തത് നിർവ്വഹണോദ്ധ്യോഗസ്ഥൻറ വീഴ്ചയാണ്.ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്

## 3-5 കൺവീനർ പ്രവൃത്തികൾ -ധനവിനിയോഗരേഖകളിൽ സുതാര്യതയില്ല.

| വർഷം | ആകെ പ്രവൃത്തികൾ | കൺവീനർ പ്രവൃത്തികൾ | കോൺട്രാക്ട് പ്രവൃത്തി |
|---|---|---|---|
| 2015-16 | 136 | 130 | 1 |

സംസ്ഥാന ആസൂത്രണബോർഡ് 1999-ൽ പുറപ്പെടുവിച്ചിട്ടുള്ള ഗുണഭോക്തൃ സമിതി മാർഗ്ഗ രേഖ പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്തുന്ന പ്രോജക്ടുകളിൽ താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിച്ച് മാത്രമേ നിർവ്വഹണം നടത്താവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ ആയതിൽ മിക്കതും പാലിക്കാതെയാണ് പ്രവൃത്തികൾ നിർവ്വഹണം നടത്തികാണുന്നത്

1.പൊതുമരാമത്ത് ചട്ടം വകുപ്പ് 13 പ്രകാരമുള്ള ഗുണഭോക്തൃ സമിതിരൂപീകരണം നടത്തിയിരിക്കണം.പ്രസിഡന്റോ,സ്റ്റാൻഡിങ് കമ്മററി ചെയർമാനോ,മെമ്പറോ, 3 ദിവസങ്ങൾക്ക് മുമ്പ് രേഖമൂലം നോട്ടീസ് നൽകി 7മുതൽ 15വരെ അംഗങ്ങളും ചെയർമാൻ ,കൺവീനർ എന്നിവരേയും തെരെഞ്ഞെടുത്ത് പഞ്ചായത്ത് ഭരണസമിതിയിൽ അംഗീകാരം വാങ്ങിയിരിക്കണം ഇത് പാലിക്കപ്പെട്ടിട്ടില്ല

2.പണമിടപാടുകൾക്ക് സംയുക്തബാങ്ക്അക്കൗണ്ട് തുടങ്ങി ആയതിലൂടെമാത്രമേ ഇടപാട് നടത്താവൂ. പ്രവർത്തി പൂർത്തികരിച്ചാൽ അക്കൗണ്ട് ക്ലോസ്സ് ചെയ്ത് ഫയലിൽ സൂക്ഷിക്കണം .ആയത് പാലിച്ചിട്ടില്ല.

3.മസ്റ്റർ റോൾ ഒരാഴ്ച്ചത്തേക്ക് ഒന്ന് എന്ന കണക്കിൽ പൂർത്തികരിച്ച് നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിരിക്കണം ഇത് പാലിക്കപ്പെട്ടിട്ടില്ല

4.നിർമ്മാണ സാധനങ്ങൾ വാങ്ങുമ്പോൾ അംഗീകൃത ബില്ലുകൾ ലഭ്യമാക്കണം. അസി.എൻജിനിയർ ആയതിന്റെ വാല്യുവേഷൻ സാക്ഷ്യപ്പെടുത്തിയിരിക്കണം. ഇത്പാലിക്കപ്പെട്ടിട്ടില്ല.സിമൻറ് ,കമ്പി,മെററൽ എന്നിവ വാങ്ങിയതിന്ന് അംഗീകൃത ബില്ലുകൾ ഹാജരാക്കിയിട്ടില്ല.(ഇൻവോയിസ് മാത്രമേ ഫയലിലുള്ളു)

5.കൺവീനർ പ്രവൃത്തികളിൽ ആദായനികുതി ഈടാക്കിയത് പല നിരക്കിൽ ആണ്.ക്ഷേമനിധി ഒടുക്കിയതിൻറ രേഖ ഹാജരാക്കിയിട്ടില്ല(രശീതി ഇല്ല)

6.കൺവീനറുടെ പേരിലുള്ള പാൻകാർഡ് കോപ്പിഫയലിൽ സൂക്ഷിച്ചിട്ടില്ല

7.മിനിററ്സ് ബുക്കിൽ പ്രോജക്ട് പൂർത്തികരിച്ച ശേഷം കണക്ക് അവതരിപ്പിച്ച് പാസ്സാക്കിയതായി കാണുന്നില്ല

8.പഞ്ചായത്തിൽ ജോലിചെയ്യുന്നവരോ,മെമ്പർമാരോ,മററ് സ്ഥാനത്തിരിക്കുന്നവരോ കൺവീനർമാരാകാവുന്നതല്ല.എന്നാൽ സി.ഡി.എസ് ചെയർപേഴ്സൺ ശ്രീമതി റംല ആ സ്ഥാനത്ത് ഇരിക്കേ കൺവീനർ ആയിട്ടുണ്ട്.
ഇത്തരത്തിൽ മുൻ വർഷത്തേ പോലെ എല്ലാ മരാമത്ത് പ്രവർത്തികളും കൺവീനർ മുഖേന നിർവ്വഹണം നടത്തിയിട്ടുള്ളത് മെമ്പർമാരുടെയും നിർവ്വഹണോദ്ധ്യോഗസ്ഥൻറയും താത്പര്യം മുൻനിർത്തിയാണ്.ഇതു സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തേണ്ടതാണ്.

## 3-6 തെരുവ് വിളക്ക് റിപ്പയർ-അപാകതകൾ

പ്രോജക്ട് -1/15-16 ചെലവ് -224625/-

നിർവ്വഹണം -സെക്രട്ടറി ബിൽ നം-11/15-16/28.10.15

കോൺട്രാക്ടർ -അബ്ദുൾകബീർ
തുക അനുവദിച്ചതിൽ താഴെപ്പറയുന്ന അപാകതൾ കാണുന്നു

A.വാങ്ങിയ സാമഗ്രികൾ സ്റ്റോക്കിലെടുത്തിട്ടില്ല

B.KSEB യുടെ അനുമതിപത്രം വാങ്ങിയിട്ടില്ല

C.നിയമാനുസൃത നികുതി ഈടാക്കിയിട്ടില്ല

D.മോണിട്ടറിങ് സമിതിയുടെ റിപ്പോർട്ട് ഇല്ല.
ഈടാക്കേണ്ട നികുതികൾ

| | | | |
|---|---|---|---|
| വാററ് | 4% | 224625 x4% | =8985/- |
| W.F | 1% | 224625 X1% | =2246/- |
| I.T | 1% | 224625 X1% | =2246/- |
| ആകെ | | | =13477/- |

ഈടാക്കി ഒടുക്കി വിവരം ഓഡിററിനെ അറിയിക്കേണ്ടതാണ്.

മേൽ കാരണങ്ങളാൽ തുക തടസ്സപ്പെടുത്തുന്നു

## 3-7 റോഡ് കോൺക്രീററ് -പരിധിയിൽ കവിഞ്ഞ കനം അ നുവദിക്കുന്നത് സംബന്ധിച്ച്

സാമ്പത്തിക വർഷത്തിൽ റോഡുകൾക്ക് ടാറിങ് നടത്തുന്നതിലുപരി കോൺക്രീററിങ് നടത്തുന്നതിലാണ് പഞ്ചായത്ത് താത്പര്യം കാണിച്ചിട്ടുലലത് പ്രസ്തുത പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ എല്ലാ പ്രവർത്തികളിലും 15 സെ.മി ക്വാറിമക്ക് 10 സെ.മി 1:4:8 ,08 സെ.മി 1:2:4 അടക്കം 33 സെ.മി കനം ആണ് അനുവദിച്ചിട്ടുള്ളതെന്ന് കാണുന്നുണ്ട്. ഒരു ഉദാഹരണം താഴെ ചേർക്കുന്നു.

1.പൊടേക്കാട് ഈച്ചക്കടപ്പാടം റോഡ് കോൺക്രിററ് (പ്രോജക്ട് നം-27/15-16)

അടങ്കൽ -500000/- കൺവവീനർ -ഉമ്മർ

എംബുക്ക് -52/15-16 തുക -497021/-

ബിൽ നം 71/15-16/30.3.16

പ്രവർത്തി വിവരം

| ഐററം | പ്രവർത്തി | അളവ് | നിരക്ക് | തുക |
|---|---|---|---|---|
| 1 | ക്വാറിമക്ക് (15 cm) | 42.57എം3 | 719/എം3 | 30607 |
| 5 | 1:4:8 (10 cm) | 35.425 എം3 | 4355/എം3 | 154275 |
| 6 | 1:2:4 (8cm) | 45.08 m3 | 63/dm3 | 284004 |

ഇത്തരത്തിൽ എല്ലാ കോൺക്രിററ് പ്രവർത്തികളിലും ഈ രീതിയിലുള്ള എസ്റ്റിമേററുകൾക്കാണ് അംഗീകാരം നൽകി നിർവ്വഹണം നടത്തിയിട്ടുള്ളത്. എന്നാൽ എസ്റ്റിമേററ് റിപ്പോർട്ടിൽ പ്രത്യേകം പരാമർശം ഇല്ല. സ്പെസിഫിക്കേഷനിൽ ഉൽപ്പെടാത്ത ക്വാറി വേസ്റ്റ് സൈറ്റ് കണ്ടീഷൻ പരിശോധിച്ച് ആവശ്യമെങ്കിൽ മാത്രം നിർദ്ദേശിക്കാവുന്നതാണെങ്കിലും എല്ലാ പ്രവൃത്തികളിലും ഉൾപ്പെടുത്തിയത് കൂടുതൽ അന്വേഷണ വിധേയമാക്കേണ്ടതാണ്.

## 3-8 അസി.എൻജിനിയർ-തനത് ഫണ്ട്പ്രോജക്ട് തയ്യാറാക്കൽ അപാകതകൾ

തൻവർഷത്തിൽ അസി.എൻജിനിയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു
അംഗീകാരം വാങ്ങിയ പ്രോജക്ടിന്റെ എണ്ണം-202

നിർവ്വഹണം നടത്തിയത് -136 (67%)

ആകെ അടങ്കൽ -61377019/-

ചെലവ് -41419848 (67%)
ഇതിൽ 116 പ്രോജക്ടുകൾ തനത് ഫണ്ട് വകയിരുത്തി അംഗീകാരം വാങ്ങിയിട്ടുള്ളതാണ്.പഞ്ചായത്തിൻറ തനത് വരവ് സംബന്ധിച്ച് വിവരം ചുവടെ ചേർക്കുന്നു

ജനറൽ പർപ്പസ് ഫണ്ട് വരവ് -11296191

നികുതി വരവ് -3877755

നികുതിയേതര/മറ്റ് വരവ് -1007885

ആകെ -16181831/-

തനത് ഫണ്ട് പ്രോജക്ട് അടങ്കൽ -23019783/-

തൻവർഷ ചെലവ് -7570909/-

തനത് ഫണ്ട് പ്രോജക്ട് തയ്യാറാക്കാൻ ആകെ തനത് ഫണ്ട് വരവിൽ ശംബളം ,ഹോണറേറിയം,ഡപ്പോസിററ് എന്നിവ കഴിച്ചുള്ള മിച്ച ഫണ്ടിൻറ 20% ൽ അധികരിക്കാത്ത തുകയ്ക്ക് മാത്രമേ പ്രോജക്ട് വയ്ക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്.ആയതിന്ന് വിരുദ്ധമായി പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തിയത് .ഭരണസമിതിയുടെയും ജീവനക്കാരുടെയും അനാസ്ഥയാണ്.നിലവിൽ തനത് ഫണ്ട് പ്രോജക്ട് നിർവ്വഹണം നടത്തിയ വകയിൽ 1കോടിയിൽ അധികം തുക പഞ്ചായത്തിന് നിലവിൽ ബാദ്ധ്യതയുണ്ട്.മുൻറിപ്പോർട്ടിൽ ഇതേ പരാമർശ്ശം ഖണ്ഡികയായി ചേർത്തിട്ടുള്ളതാണ് എങ്കിലും ഈ അപാകത പഞ്ചായത്ത് തുടരുന്നത് ആശാസ്യമല്ല. മിച്ച ഫണ്ടിൻറ ലഭ്യതക്കനുസരിച്ച് പ്രോജക്ട് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 3-9 തെരുവുവിളക്ക് കറൻറ് ചാർജ്ജ് -ലൈററുകളുടെ എണ്ണം -പ്രാദേശിക പരിശോധന നടത്തുന്നത് സംബന്ധിച്ച്

നിലവിലുള്ള ലൈററുകളുടെ വിവരം (രജിസ്റ്റർ പ്രകാരം)

| 1.താഴേക്കോട് സെക്ഷൻ | | കറൻറ് ചാർജ്ജ്/മാസം |
|---|---|---|
| ബൾബ് 40 w | 5 എണ്ണം | 7467 |
| സി.എഫ്.എൽ | 68എണ്ണം | |
| സോഡിയം വേപ്പർ | 15എണ്ണം | |

2.ചെർപ്പുളശ്ശേരി സെക്ഷൻ

| | | |
|---|---|---|
| ബൾബ് 40 w | 243 എണ്ണം | 24726 |
| | സി.എഫ്.എൽ 152എണ്ണം | |
| | സോഡിയം വേപ്പർ 150എണ്ണം | |
| | ട്യൂബ് 11 എണ്ണം | |

3.പെരിന്തൽമണ്ണ സെക്ഷൻ

| | | |
|---|---|---|
| ബൾബ് 40 w | 118 എണ്ണം | 15129 |
| സി.എഫ്.എൽ | 287എണ്ണം | |
| സോഡിയം വേപ്പർ | 7എണ്ണം | |
| ട്യൂബ് | 11 എണ്ണം | |

പഞ്ചായത്തിൽ നിലവിൽ ബൾബുകൾ പ്രവർത്തിക്കുന്നില്ല എന്നിരിക്കേ ആയതിന്ന് വൈദ്യുതചാർജ്ജ്നൽകിവരുന്ന തായി കാണുന്നു. കെ.എസ.ഇ.ബി. യും ഗ്രാമപഞ്ചായത്ത് അധികൃതരും സംയുക്ത പരിശോധന നടത്തുന്നതിന്

അടിയന്തിര നടപടിസ്വീകരിക്കേണ്ടതാണ്

## 3-10 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| പ്രോജക്ട് നം | പേര് | അടങ്കൽ | ചെലവ് | ബിൽ നം | നിർവ്വഹണം |
|---|---|---|---|---|---|
| 307/16 | I.A.Y | 480000 | 480000 | 15/15-16/14.1.2016 | സെക്രട്ടറി |
| 308/16 | I.A.Y | 980000 | 980000 | 16/15-16/14.1.2016 | സെക്രട്ടറി |
| 309/16 | I.A.Y | 360000 | 360000 | 31/15-16/30.3.2016 | സെക്രട്ടറി |
| 153/16 | I.A.Y | 360000 | 360000 | 2/15-16/16.1.2016 | അസി. സെക്രട്ടറി |
| 134/16 | S.S.A | 500000 | 500000 | 15/15-16/16.1.2016 | സെക്രട്ടറി |

ആകെ 2230000/-
വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-11 പഞ്ചായത്തിൽ അനധികൃത മാലിന്യം തള്ളിയത് - സംസ്കരിച്ചതിൻറ ചെലവ് ഈടാക്കണം

പഞ്ചായത്തിൽ സ്വകാര്യ വ്യക്തി തള്ളിയ മാലിന്യം പൊതുജനപരാതിയേതുടർന്ന് മലപ്പുറംജില്ലാകളക്ടറുടെ പ്രത്യേക ഉത്തരവ് പ്രകാരം തനത് ഫണ്ട് ഉപയോഗിച്ച് സംസ്കരിച്ചതിൻറ ചെലവ് വിവരം ചുവടെ ചേർക്കുന്നു

| വൗച്ചർ നം | തുക |
|---|---|
| 21500827/20.2.16 | 25000/- |
| 21500831/ 20.2..16 | 25000/- |
| 21500861/.4.3.16 | 32457/- |
| 21500936/28.3.16 | 30000/- |
| 21501022/31.3.16 | 154323/- |
| 21501041/31.3.16 | 25000/- |
| 21501042/31.3.16 | 25000/- |
| 21501043/31.3.16 | 25000/- |
| 21501044/31.3.16 | 32457/- |
| ആകെ | -374237/- |

തുക ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം ഉത്തരവാദിയായ വ്യക്തിയിൽ നിന്ന് റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിന്ന് നടപടി സ്വീകരിച്ചതിന്റെ തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു.

## 3-12 ആശ്രയ പദ്ധതി അവലോകനം

തദ്ദേശ സ്ഥാപനത്തിൻറ ആശ്രയപദ്ധതിയുമായി ബന്ധപ്പെട്ട കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു

ഫസ്റ്റ് പ്രോജക്ട് പ്രകാരമുള്ള വിവരങ്ങൾ(2012-17)

| | |
|---|---|
| ആകെ ഗുണഭോക്താക്കൾ | 183 |
| വീടുവെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 3 |
| ലഭിച്ചവർ | 1 |
| വീട് ആവശ്യമുള്ളവർ | 6 |
| ലഭിച്ചവർ | 0 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 12 |
| ലഭിച്ചവർ | 3 |
| കക്കൂസ് ആവശ്യമുള്ളവർ | 10 |
| ലഭിച്ചവർ | 3 |
| കുടിവെള്ളം ആവശ്യമുള്ളവർ | 26 |

| | |
|---|---|
| ലഭിച്ചവർ | 0 |

പ്ലാൻ ഫണ്ട് അനുവദിച്ചത് സംബന്ധിച്ച്

| ഇനം | തുക | D.D.നംമ്പർ/തീയ്യതി | റിമാർക്സ് |
|---|---|---|---|
| വീടുവെയ്ക്കാൻ സ്ഥലം | 777840/- | 859285/30.3.13 | 150000/-ചെലവ് |
| വീട് | 342841/- | 679757/28.4.14 | ചെലവഴിച്ചില്ല |
| കക്കൂസ് | 92841/- | 833247/20.4.16 | 10500/-ചെലവ് |
| ആകെ | 1213522/- | | |
| ചെലവ് | 209950/- | | സ്ഥലം-150000<br>റിപ്പയർ -30000<br>കക്കൂസ് -10500 |

ആദ്യ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച തുക നാളിതുവരെയായി ചെലവഴിക്കാത്തത് സംബന്ധിച്ച വിശദീകരണംലഭ്യമാക്കേണ്ടതാണ്. (ഈ തുക ഉപയോഗിച്ച് സ്ഥലം, വീട്, റിപ്പയർ, കക്കൂസ്, കറൻറ് എന്നിവ മാത്രമേ അനുവദിക്കാവൂ )അംഗീകാരം കിട്ടിയ ആദ്യവർഷം തന്നെ ഈ സൗകര്യങ്ങൾ നൽകാൻ പഞ്ചായത്തിന്ന് നിർദ്ദേശമുണ്ടായിരിക്കേ ആയത് പാലിക്കപ്പെട്ടിട്ടില്ല.നിലവിൽ 83 ഗുണഭോക്താക്കൾക്ക് കിററ് വിതരണം നടത്തുന്നുണ്ട് .ഇവരിൽ അനർഹർ ഉണ്ടോ എന്നകാര്യം പരിശോധിക്കണം.വീടിന്ന് സ്ഥലം വാങ്ങിയതിന്ന് ഗുണഭോക്താവ് ശ്രീമതി പാർവ്വതി പൂക്കുന്നത്ത് (W-12 ചെക്ക് 876879/23.9.13) വാങ്ങിയ സ്ഥലം വീട് നിർമ്മിക്കാൻ അനുവദമില്ലാത്ത (നഞ്ച) സ്ഥലമാണ്.ഇത്തരത്തിൽഏററവും നിരാലംബരായ വിഭാഗത്തിൽ ഉൾപ്പെടുന്ന ആശ്രയ ഗുണഭോക്താക്കൾക്ക് നിർബന്ധമായും തുക വകയിരുത്തി നിർവ്വഹണം ഉറപ്പ് വരുത്താൻ പഞ്ചായത്തിന് ബാദ്ധ്യത ഉണ്ടെന്നിരിക്കേ വിഹിതം ചെലവഴിക്കാത്തത് പഞ്ചായത്തിൻറ ഭരണസമിതിയുടെ വീഴ്ചയായാണ്. അക്കൗണ്ടിലുള്ള പദ്ധതി വിഹിതം തിരിച്ചടക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 വിവാഹധനസഹായം (എസ്.സി) സർക്കാർഉത്തരവ് പാലിക്കണം

പ്രോജക്ട് 117/16 അടങ്കൽ -1000000/-
ചെലവ് -500000/- നിർവ്വഹണം -അസി.സെക്രട്ടറി
ബിൽനം -3/15-16/3.2.16

വിവാഹധനസഹായം നൽകുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശപ്രകാരം വിവാഹത്തിന് 2 മാസം മുൻപോ വിവാഹ ശേഷം 3 മാസത്തിനകമോ അപേക്ഷ നൽകിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു .എന്നാൽ ധനവിനിയോഗ രേഖകൾ പരിശോധിച്ചതിൽ ശ്രീ.രാമൻ നെച്ചിയിൽ (മകൾരേവതിക്ക് വേണ്ടി) ,വാർഡ്-10 എന്ന ഗുണഭോക്താവ് ഹാജരാക്കിയ രേഖയിൽ വിവാഹ തീയ്യതി 5.1.2014 ന് (16.9.2014 ൽ അനുവദിച്ച് മാരേജ് സർട്ടിഫിക്കറ്റ്) ആണെന്ന് കാണുന്നു .ഈ അപേക്ഷയിന്മേൽ പ്രത്യേക അന്വേഷണം നടത്താതെ തുക നൽകിയത് ക്രമപ്രകാരമല്ല ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 ഫോം പ്രിൻറിങ് ക്വട്ടേഷൻ നൽകൽ -നിയമാനുസൃത നികുതി ഈടാക്കിയില്ല

പഞ്ചായത്തിലേക്ക് വിവിധ ആവശ്യങ്ങൾക്കായി ഫോമുകൾ പ്രിൻറ് ചെയ്ത് കൊടുത്തതിന്ന് തുക നൽകിയപ്പോൾ ക്വട്ടേഷൻ വിളിച്ച വ്യക്തിയിൽ നിന്നും നിയമാനുസൃത നികുതികൾ ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത് വിശദവിവരം ചുവടെ ചേർക്കുന്നു

| വൗച്ചർ നം | തുക | കൈപ്പററിയ വ്യക്തി |
|---|---|---|
| 21500158/26.5.16 | 13533 | സുബൈർ,കളർമാജിക്ക് |
| 21500211/18.6.15 | 4537 | ടി- |
| 21500293/3.7.15 | 9487 | സജീവ് ,ഹൈടെക്ക് |
| 21500322/13.7.15 | 900 | ടി |
| 21500323/13.7.15 | 9100 | ടി |
| 21500427/8.9.15 | 16632 | ടി |
| 21500574/3.11.15 | 42700 | ടി |
| 21500910/4.3.16 | 1800 | ടി |

21500923/23.3.16 6090 ടി
ആകെ -104779/-
ഈടാക്കേണ്ട നികുതികൾ
വാററ് 4% -4191

w.f 1% -1047
I.T 1% -1047
തുകയുടെ അടവ് വിവരം ഓഡിററിനെ അറിയിക്കേണ്ടതാണ്

## 3-15 സ്കൂൾ വിദ്യാർത്ഥികൾക്ക് (എസ്.സി) ഫർണ്ണിച്ചർ നൽകൽ- അപാകതകൾ

പ്രോജക്റ്റ് നം -209/16 അടങ്കൽ -800000/-
ചെലവ് -492000/- ബിൽനം -7/15-16/30.3.16
നിർവ്വഹണം -അസി.സെക്രട്ടറി
123 ഗുണഭോക്താക്കൾക്ക് മേശയും കസേരയും വിതരണം ചെയ്യാൻ സിഡ്ക്കോയിൽ നിന്നും പർച്ചേസ് നടത്തിയ വിതരണ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു
1.ഗുണഭോക്താക്കൾ പഞ്ചായത്ത് സ്ഥിരം താമസക്കാരാണെന്ന് തെളിയിക്കുന്ന രേഖ ഹാജരാക്കിയിട്ടില്ല
2.എസ്.സി ഡിപ്പാർട്ട്മെന്റെ ഫർണ്ണീച്ചർ നൽകിയിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
മേൽകാരണങ്ങളാൽ തുക തടസ്സപ്പെടുത്തുന്നു

## 3-16 കൈമാറിക്കിട്ടിയിട്ടില്ലാത്ത് സ്ഥാപനത്തിന് ആസ്തികൾ വാങ്ങിയത് ക്രമപ്രകാരമല്ല

പ്രോജക്റ്റ് -98/15-16 ( ആലിപ്പറമ്പ് നൂൽനൂൽപ്പ് കേന്ദ്രത്തിന്ന് ചർക്ക വാങ്ങൽ)
അടങ്കൽ -101970 ചെലവ് -101580/-
ബിൽ നം -27/15-16/23.3.16 നിർവ്വഹണം -സെക്രട്ടറി
ബ്ലോക്ക് പഞ്ചായത്തിൻറ ഉടമസ്ഥതയിലുള്ള ആലിപ്പറമ്പ് നൂൽനൂൽപ്പ് കേന്ദ്രത്തിന് പദ്ധതി വിഹിതം (ധനകാര്യകമ്മീഷൻ ഗ്രാൻറ്)ഉപയോഗിച്ച് സർക്കാർ മുൻകൂർ അനുമതിയില്ലാതെ ചർക്കകൾ വാങ്ങി നൽകിയത് ക്രമപ്രകാരമല്ല .തുക തടസ്സപ്പെടുത്തുന്നു

## 3-17 മരാമത്ത് പ്രവർത്തിയുടെ കൺവീനർ ആയി C.D.S ചെയർപേഴ്സണെ തെരെഞ്ഞെടുത്തത് ക്രമപ്രകാരമല്ല

നിർവ്വഹണം-അസി.എൻജിനിയർ പ്രോജക്റ്റ് -പഴയപഞ്ചായത്ത് കെട്ടിടം റിപ്പയർ(280/16)
അടങ്കൽ -495000/- (M.G.N.R) ബിൽനം-117/15-16/.30.3.16
എഗ്രിമെൻറ് നം-117 /15-16/3.10.15 കൺവീനർ -ശ്രീമതി.റംല (I.C.D.S ചെയർപേഴ്സൺ)
തദ്ദേശ സ്ഥാപന ങ്ങളുടെ മരാമത്ത് പ്രവർത്തികളുടെ കൺവീനർ പ്രവർത്തികളുടെ കൺവീനർമാരായി മെമ്പർമാരോ,ഔദ്യോഗിക സ്ഥാനങ്ങളിൽ നിയമിതരായിട്ടുള്ളവരോ കൺവീനർനാരിയിക്കുടാ എന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയതിന്ന് വിരുദ്ധമായി സി.ഡി.എസ്.ചെയർപേഴ്സണേ കൺവീനർ ആക്കിയത് ക്രമപ്രകാരമല്ല . വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-18 മരാമത്ത് പ്രവൃത്തി -നികുതികൾ ഈടാക്കി ഒടുക്കിയിട്ടില്ല

നിർവ്വഹണം -I.C.D.S സൂപ്പർവൈസർ പ്രോജക്റ്റ് -പെരുമ്പാലപ്പാറ അംഗനവാടി കെട്ടിടം (195/16)
അടങ്കൽ -800000/- കൺവീനർ -അയ്യപ്പൻ
എംബുക്ക് -2/14-15 എഗ്രിമെൻറ് -2/14-15/21.3.15
ബിൽ നം -(1)20/15-16/30.3.16 -400000/-(പ്ലാൻ)
(2)21/15-16/30.3.16 -400000/-(MGNR)
തുക നൽകിയത് സംബന്ധിച്ച് വിവരം ചുവടെ ചേർക്കുന്നു
പ്രവർത്തിമൂല്യം -746509/-
വാററ് 5% -37325
W.F 1% -7465
I.T 1% – 8701
ഫൈനൽ ബിൽ തുക കൺവീനർക്ക് നൽകിയിട്ടുണ്ടെങ്കിലും നികുതികൾ ഒടുക്കിയ ചലാനുകളും രശീതികളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.അന്വേഷണത്തിൽ ടി തുക ഒടുക്കാൻ 2016-17 ൽ പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്.800000/-രൂപ സാമ്പത്തിക അനുമതിയുള്ള ഏകവർഷ പ്രോജക്റ്റിന് അടുത്ത വർഷത്തിൽപ്രോജക്റ്റ് വച്ചത് ക്രമപ്രകാരമല്ല.നികുതി ഒടുക്കിയരേഖകൾ ഓഡിററിന് ഹാജരാക്കേണ്ടതാണ്

## 3-19 അസാധാരണ ചെലവ് -സർക്കാർ ഉത്തരവ് പാലിച്ചില്ല

ചെലവ് -ശുദ്ധജലവിതരണ പദ്ധതി ഉദ്ഘാടനച്ചെലവ് തുക നൽകിയത് വൗച്ചർ നം -21500065/27.4.15
തുക -25000/- ചെക്ക് നം -81953/27.4.15
നിർവ്വഹണം -സെക്രട്ടറി
ജലനിധി ശുദ്ധജലവിതരണ പദ്ധതി ഉദ്ഘാടനവുമായി ബന്ധപ്പെട്ട് പന്തൽ,കസേര,ഡക്കറേഷൻ എന്നിവയ്ക്ക് വേണ്ടി ചെലവായ തുക ശ്രീ .സുബൈർ എന്ന വ്യക്തിക്ക് നൽകിയ തുകയാണ്.അസാധാരണചെലവ് സംബന്ധിച്ച സർക്കാർ ഉത്തരവ് G.O (MS) 58/2006/LAGD/16.02.06 പ്രകാരം പ്രസിഡൻറിന് ചെലവഴിക്കാവുന്ന തുകയുടെ പരിധി 10000/-രൂപയിൽ കവിയാവുന്നതല്ലെന്നും .അല്ലാത്തപക്ഷം സർക്കാർ അനുമതി വാങ്ങിയിരിക്കണമെന്നും

വ്യവസ്ഥയുണ്ട് .ആയതിന്ന് വിരുദ്ധമായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-21 ലൈബ്രറിസെസ്സ്,നിർമ്മാണതൊഴിലാളി ക്ഷേമനിധി എന്നിവ സമയബന്ധിതമായി ഒടുക്കാത്തത് സംബന്ധിച്ച്

2014-15 ലെ ലൈബ്രറിസെസ്സ് (10/2014 മുതൽ 3/2015 വരെ) തുകയായ 153105/-രൂപ വൗച്ചർ നം 21500156/15.5.15 ൽ മാത്രമാണ് സെക്രട്ടറി ഒടുക്കി കാണുന്നത് ഇത് ക്രമപ്രകാരമല്ല
2014-15 ലെ നിർമ്മാണ ക്ഷേമനിധി (10/2014 മുതൽ 3/2015 വരെ)തുകയായ 67885/- രൂപ 16.7.2015 ന് മാത്രമാണ്അസി.എൻജിനിയർ അടവാക്കിയിട്ടുള്ളത് ഇത് ക്രമപ്രകാരമല്ല.സമയബന്ധിതമായി റിക്കവറികൾ ഒടുക്കികൈപ്പററ് രശീതികൾ ഹാജരാക്കുന്നതിന്ന് ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന്

മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| K.S.E.B | വൈദ്യുതിപോസ്ററ് മാററിസ്ഥാപിക്കൽ | 21500598/ 12.11.15 | 150000/- | 0 | 150000/- |
| K.S.E.B | ത്രീ വൈദ്യു തിലൈൻ ശേഷികൂട്ടൽ | 21500487/ 29.9.15 | 96750/- | 0 | 96750/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന പദ്ധതി | GO(MS)801/2010/LSGD | 14490000 | 421000 | 421000 | - | - |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## **4-8** ഓഡിറ്റ് പ്രത്യുവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 73330667.05 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69349490 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 434060 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1254642/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 351187 | ഹെഡ്മാസ്ററർ,ശ്രീ.ഉണ്ണികൃഷ്ണൻ.യു |
| 3-2 | | 82873 | A.E,ശ്രീമതി.മഞ്ജു.-49368/-<br>A.E,ശ്രീ.അരുൺ -33505/- |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 37200 | ശ്രീമതി.കല്ല്യാണി,ICDS സൂപ്പർവൈസർ |
| 3-11 | 374237 | സെക്രട്ടറി,ശ്രീ.ബെൻസിലാൽ |
| 3-15 | 492000 | അസി.സെക്രട്ടറി.ശ്രീ.ബെൻസിലാൽ |
| 3-16 | 101580 | സെക്രട്ടറി,ബെൻസിലാൽ |
| 3-19 | 25000 | സെക്രട്ടറി.ശ്രീ.ബെൻസിലാൽ |
| 3-6 | 224625 | ശ്രീ.വി.യു.മോഹനൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 13477 | സെക്രട്ടറി,ശ്രീ.ബെൻസിലാൽ |
| 3-13<br>വാറ്റ്-4191<br>ഐ.ടി-1047<br>WWF-1047 | 6285 | സെക്രട്ടറി,ശ്രീ.ബെൻസിലാൽ |
| 3-18 | 53491 | ICDS സൂപ്പർവൈസർ,ശ്രീമതി,കല്ല്യാണി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| A.E,ശ്രീമതി.മഞ്ജു | കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് ,ഇടുക്കി | വള്ളിക്കാട്ടിൽ(ഹൗസ്) കാഞ്ഞാർ (പി.ഒ),ഇടുക്കി ജില്ല |

| | | |
|---|---|---|
| A.E,ശ്രീ.അരുൺ | ഏലംകുളം ഗ്രാമപഞ്ചായത്ത് | കടമ്പനാട്ടുപാടത്ത്(ഹൗസ്) ചെക്കപ്പറമ്പ് ,അങ്ങാടിപ്പുറം മലപ്പുറം ജില്ല |
| ഹെഡ്മാസ്റ്ററർ,ശ്രീ.ഉണ്ണികൃഷ്ണൻ | ആലിപ്പറമ്പ് പഞ്ചായത്ത് | ഉമ്പ്രോട്ടിൽ (ഹൗസ്) കാമ്പ്രം,ആലിപ്പറമ്പ് മലപ്പുറം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1988-90<br>1995-96 | LFM-14/1465/00/4.4.11 | 16 | |
| 1997-98 | LFM-12/734/02/4.2.11 | 40 | |
| 1998-99 | LFM-16/144/07/4.2.11 | 4 | |
| 1999-00 | LFM-16/1442/07/4.2.11 | 8 | |
| 2000-01 | LFM-10/878/03/10.2.11 | 10 | |
| 2001-02 | LFM-10/1443/07/10.2.11 | 2 | |
| 2002-03 | LFM-10/1444/07/10.2.11 | 5 | |
| 2003-04 | LFM-10/1445/07/10.2.11 | 7 | |
| 2004-05 | LFM-10/1381/07/20.2.11 | 23 | |
| 2005-06 | LFM-11/1516/11/21.3.12 | 8 | |
| 2006-07 | LFM.111516/11/21.3.12 | 16 | |
| 2007-08 | LFM-10/1518/11/21.3.12 | 20 | |
| 2008-09 | LFM-10/1590/11/21.3.12 | 18 | |
| 2009-10<br>2010-11 | LFM-11/363/13/26.3.13 | 29 | |
| 2011-12<br>2012-13 | LFM-11/385/15/21.4.15 | 35 | |
| 2013-14<br>2014-15 | KSAMPM-24/1402/16/13.7.16 | 24 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## annexure

ഓഡിററ് സർട്ടിഫിക്കററ്

കെ.എസ്.എ.എം.പി.എം /24/253/2017 കേരള സ്ഥാന ഓഡിറ്റ് വകുപ്പ്

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, മലപ്പുറം

പിൻ- 676 505, ഫോൺ: 0483 2734951

ഇ-മെയിൽ: ddlfampm@gmail.com

തിയ്യതി.03/07/2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിൻറ 2015-16- ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റുമെൻറിൻറ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എൻെറ അഭിപ്രായത്തിൽ ആലിപ്പറമ്പ് ഗ്രാമ പഞ്ചായത്തിൻെറ വർഷത്തെ ധനകാര്യ സ്റ്റേറ്റുമെൻറ് വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം.

No.K.S.A.M.P.M/24/253/2017

Office of the Senior Deputy Director of

Kerala state Audit Dep: , District Office,

Malappuram, PIN- 676 505

Phone: 0483 2734951

Dated .03/02/2017

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of ALIPARAMB Gramaaa Panchayat for the year ended on 31-3-2016 in Malappuram District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of ALIPARAMB Grammma Panchayat for the year 2015-16 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

KERALA STATE AUDIT DEP:,

MALAPPURAM